**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **07-10-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ നെല്ലുസംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ നെല്ലുസംഭരണം കർഷകർക്ക് ഗുണകരമായ രീതിയിൽ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെല്ല് സംഭരണ സീസൺ ആരംഭിക്കുന്ന സമയങ്ങളിൽ നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും എല്ലാ വർഷങ്ങളിലും സർക്കാരിന്റെ നെല്ല് സംഭരണ ഏജൻസി എന്ന നിലയിൽ സമയ ബന്ധിതമായി സപ്ലൈകോ സജ്ജമാക്കാറുണ്ട്. ഇതിനു മേൽനോട്ടം വഹിക്കുവാനുള്ള ഉദ്യോഗസ്ഥ സംവിധാനവും സപ്ലൈകോ ലഭ്യമാക്കിയിട്ടുണ്ട്. 2024-25 സീസണിലെ നെല്ല് സംഭരണം തുടങ്ങുവാനുള്ള വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് നടപടികൾ സ്വീകരിക്കുന്നത്. 2024-25 സീസണിലെ നെല്ല് സംഭരണം ആരംഭിക്കുന്നതിന് മുന്നോടിയായി 2024 ആഗസ്റ്റ് 25ന് കർഷക രജിസ്ട്രേഷനായി സപ്ലൈകോ പാഡി പോർട്ടൽ (www.supplycopaddy.in) ഓപ്പൺ ചെയ്ത് നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 62,686 കർഷകർ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 44,071 കർഷകർ പാലക്കാട് ഉള്ളവർ ആണ്. 2024-25 വർഷത്തെ ഒന്നാംവിള നെല്ല്, കർഷകരിൽ നിന്നും സംഭരിക്കുന്നതിനു 2024 ആഗസ്റ്റ് 25 നു പത്ര പരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ 42 മില്ലുടമകൾ സപ്ലൈകോയുമായി നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങൾ എല്ലാം പാലിച്ചുകൊണ്ട് 2024-25 സീസണിലും കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും സപ്ലൈകോ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ സംസ്ഥാന സർക്കാർ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. 2024-25 സീസണിൽ |

| | | | |
|---|---|---|---|
| | | | കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറാ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ ചർച്ച നടത്തിയിട്ടുള്ളതും, പി.ആർ.എസ് വായ്പാ പദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കർഷകന് സമയബന്ധിതമായും, പൂർണ്ണമായും നെല്ലിന്റെ സംഭരണവില പി.ആർ.എസ്. വായ്പാ പദ്ധതി പ്രകാരം നൽകി വരുന്നു. |
| (ബി) | സമയബന്ധിതമായി നെല്ല് എടുക്കുന്നതിനും കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനും നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഖണ്ഡം (എ)യിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ